15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246 — 10-08-2023 - ൽ മറുപടിയ്ക്ക്

## കേരള സാഹിത്യ അക്കാദമി പുറത്തിറക്കിയ പുസ്തകങ്ങളിലെ പരസ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സാഹിത്യ അക്കാദമി പുറത്തിറക്കിയ പുസ്തകങ്ങളിൽ ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ പരസ്യം ഉൾപ്പെടുത്തിയത് സർക്കാരിന്റെ അറിവോടുകൂടിയാണോയെന്ന് വ്യക്തമാക്കുമോ; | (എ) | ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് നിർദ്ദേശമൊന്നും നൽകിയിരുന്നില്ല. |
| (ബി) | സാഹിത്യ അക്കാദമി മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ള എത്ര പുസ്തകങ്ങളിൽ ഇപ്രകാരം സർക്കാർ പരസ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിശദാംശം നൽകുമോ; | (ബി) | ഐക്യകേരളം നിലവിൽ വന്നതിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് ഐക്യകേരള ഗ്രന്ഥാവലി എന്ന പുസ്തകപരമ്പര പ്രസിദ്ധീകരിച്ചിരുന്നു. 'വജ്രകേരളം 60: കേരളപ്പിറവിയുടെ 60 വർഷങ്ങൾ' എന്ന മുദ്ര ഇതിന്റെ ഭാഗമായി കവർപേജിൽ പതിപ്പിക്കുകയുണ്ടായി. |
| (സി) | പുസ്തകങ്ങളിൽ പരസ്യം ഉൾപ്പെടുത്തിയത് സാഹിത്യ അക്കാദമി ചെയർമാൻെറ അറിവോടെയല്ല എന്ന വിവരം ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും ഈ കാര്യത്തിൽ അക്കാദമി സെക്രട്ടറിക്ക് വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | അക്കാദമി പ്രസിഡന്റ് പരസ്യം അച്ചടിച്ചതിൽ അസംതൃപ്തി രേഖപ്പെടുത്തുകയുണ്ടായെന്നും തുടർന്ന് മുദ്രയുടെ സ്ഥാനത്ത് അക്കാദമിയുടെ ചിത്രമുള്ള ഒരു സ്റ്റിക്കർ പതിപ്പിച്ച് പ്രശ്നം പരിഹരിക്കുകയുണ്ടായതായും അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ